എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ
ഊർജപത്രിക
Oorja Pathrika | A Newsletter from Energy Management Centre- Kerala
വാല്യം- 5, ലക്കം 02 | 2024 ഫെബ്രുവരി 05

# ആദ്യ കേരള അന്താരാഷ്ട്ര ഊർജമേളയുടെ ബ്രോഷർ പ്രകാശനം ചെയ്തു

## മേളയിൽ സംസ്ഥാന ഊർജസംരക്ഷണ അവാർഡുകൾ വിതരണം ചെയ്യും

എനർജി മാനേജ്മെന്റ് സെന്റർ- കേരളയുടെ 28-ാം സ്ഥാപക ദിനാഘോഷത്തിന്റെ ഭാഗമായി ആദ്യ കേരള അന്താരാഷ്ട്ര ഊർജമേള 2024 (IEFK 2024) സംഘടിപ്പിക്കുന്നു. 2024 ഫെബ്രുവരി 7,8,9 തീയതികളിലാണ് പരിപാടി നടത്താൻ തീരുമാനിച്ചിട്ടുള്ളത്. പരിപാടിയുടെ ബ്രോഷർ പ്രകാശനം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു. മന്ത്രിയുടെ സെക്രട്ടേറിയറ്റിലെ ചേമ്പറിൽ നടന്ന ചടങ്ങിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി. വിനോദിന് ബ്രോഷർ നൽകിക്കൊണ്ട് മന്ത്രി പ്രകാശനം നിർവഹിച്ചു. ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., ഊർജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ എന്നിവർ സന്നിഹിതരായിരുന്നു.



വൈദ്യുതി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് മന്ത്രി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി. വിനോദിന് ബ്രോഷർ നൽകിക്കൊണ്ട് പ്രകാശനം ചെയ്യുന്നു

2023-ലെ കേരള സംസ്ഥാന ഊർജ സംരക്ഷണ പുരസ്കാരങ്ങൾ അന്താരാഷ്ട്ര ഊർജമേളയിൽ വിതരണം ചെയ്യും. ഊർജരംഗത്തെ നിരവധി പ്രമുഖർ ത്രിദിന മേളയിൽ സംബന്ധിക്കും. മേളയോടനുബന്ധിച്ച് ഊർജസംരക്ഷണ രംഗത്തെ മികച്ച ഇടപെടലുകളെ കുറിച്ചുള്ള അവതരണങ്ങൾ, പാനൽ ചർച്ചകൾ, എക്സിബിഷനുകൾ, വീഡിയോ പ്രദർശനങ്ങൾ, പെയിന്റിങ് മത്സരം, ഉപന്യാസ മത്സരം, ക്വിസ് മത്സരം, ലക്കിഡ്രോ എന്നിവ നടക്കും. സംസ്ഥാനത്തെ ഊർജസംരക്ഷണ പ്രവർത്തനങ്ങൾ ദ്രുത ഗതിയിലാക്കുന്നതിനായി ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ഏജൻസികളായ WRI India, Alliance for Energy Efficient Economy എന്നിവയുമായി മേളയിൽ വിവിധ ധാരണാപത്രങ്ങൾ ഒപ്പിടുന്നുണ്ട്.

iefk24 INTERNATIONAL ENERGY FESTIVAL OF KERALA
Fueling Change, Empowering Futures

ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരളയുടെ ആദ്യ എഡിഷന്റെ ഭാഗമായി പുറത്തിറക്കിയ IEFK-2024 ലോഗോ

തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ 2024 ഫെബ്രുവരി 7,8,9 തീയതികളിലായി നടക്കുന്ന പരിപാടി കേരള നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ ഉദ്ഘാടനം ചെയ്യും. അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ ഐ.എ.എസ്. അധ്യക്ഷനാകും.

1996 ഫെബ്രുവരി 7-നാണ് രാജ്യത്തെ തന്നെ ഊർജരംഗത്ത് പ്രവർത്തിക്കുന്ന ആദ്യത്തെ സർക്കാർ ഏജൻസിയായി ഇ.എം.സി. പ്രവർത്തനം ആരംഭിക്കുന്നത്. ഇന്നത്തെ മുഖ്യമന്ത്രിയും അന്നത്തെ വൈദ്യുതി വകുപ്പ് മന്ത്രിയുമായിരുന്ന പിണറായി വിജയനായിരുന്നു സ്ഥാപനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്.

ആരംഭകാലം മുതൽ തന്നെ സംസ്ഥാനത്തുടനീളം മാതൃകാപരമായ നിരവധി ഊർജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഇ.എം.സി.ക്ക് സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി തുടർച്ചയായ വർഷങ്ങളിൽ ദേശീയ ഊർജകാര്യക്ഷമതാ സൂചികയുടെ അടിസ്ഥാനത്തിലുള്ള ദേശീയ ഊർജകാര്യക്ഷമതാ പുരസ്കാരങ്ങൾ കേരളത്തിന് ലഭിച്ചിട്ടുണ്ട്.




ഇ.എം.സി. പുറത്തിറക്കിയ ബ്രോഷറിന്റെ കവർപേജ്

# ഉണർവ് ഊർജസംരക്ഷണാവബോധ പരിപാടി സമാപിച്ചു

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും വേണ്ടി ഇ.എം.സി. സംഘടിപ്പിച്ചു വന്ന ഊർജസംരക്ഷണ അവബോധ പരിപാടിയായ ഉണർവ്വിന്റെ ഈ അദ്ധ്യയന വർഷത്തെ പരിപാടികൾ സമാപിച്ചു. ലോക പരിസ്ഥിതി ദിനമായ 2023 ജൂൺ 5 ന് സംസ്ഥാന പൊതുവിദ്യാഭ്യാസ മന്ത്രി ഉദ്ഘാടനം ചെയ്ത പരിപാടിയായിരുന്നു ഉണർവ്വ്. ജനുവരി 29 ന് ഇ.എം.സി. ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച അവസാന ഉണർവ്വ് പരിശീലനത്തിൽ ജവഹർ കോളനി ഗവൺമെന്റ് ഹൈസ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരുമാണ് പങ്കെടുത്തത്. ആകെ 67 സ്കൂളുകളിൽ നിന്ന് വിദ്യാർത്ഥികളും അധ്യാപകരുമായി ആകെ അയ്യായിരത്തോളം പേരാണ് പദ്ധതിയുടെ ഭാഗമായി ഇ.എം.സി. സന്ദർശിച്ച് ഊർജ സംരക്ഷണ പാഠങ്ങൾ അനുഭവിച്ചറിഞ്ഞത്.

വിദ്യാർത്ഥികളോട് ഇ.എം.സി. രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., ഊർജസംരക്ഷണ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ, എനർജി ടെക്നോളജിസ്റ്റുമാരായ സന്ദീപ് കെ., ശരത് കൃഷ്ണൻ, ടോംസൺ സെബാസ്റ്റ്യൻ, അനൂപ് സുരേന്ദ്രൻ, രാജീവ് കെ. ആർ. എന്നിവർ സംവദിച്ചു. പ്രൊജക്റ്റ് എഞ്ചിനീയർമാരായ നീനു മറിയം സോളമൻ, നിത്യ ബി., എന്നിവരും ഊർജസംരക്ഷണ അവബോധമുണർത്തുന്ന ക്ലാസുകൾക്ക് നേതൃത്വം നൽകി. പ്രൊജക്റ്റ് എഞ്ചിനീയർമാരായ അതുൽ പി. ബിജു, ഷാരോൺ ഷാജി എന്നിവർ വിദ്യാർത്ഥികൾക്കായി പ്രത്യേകം സജ്ജീകരിച്ച ലാബ് പ്രവർത്തനങ്ങൾ വിവരിച്ചുകൊടുത്തു.

നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാകാത്ത ഒന്നായി മാറിയ ഊർജത്തിന്റെ സംരക്ഷണത്തെ കുറിച്ചും കാര്യക്ഷമമായ ഉപയോഗത്തെ കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായാണ് ഇ.എം.സി. ഇത്തരത്തിൽ ഒരു പദ്ധതിക്ക് തുടക്കമിട്ടത്. മികച്ച ക്ലാസുകളും സന്ദർശന സെഷനുകളും ഇ.എം.സി.യിലെത്തിയ ഓരോ വിദ്യാർത്ഥികളിലും ഊർജ സംരക്ഷണത്തെ കുറിച്ചുള്ള ചിന്തകൾക്ക് ഊർജം പകർന്നു. ഏറെ വിജയകരമായ ഈ പദ്ധതി അടുത്ത വർഷം കൂടുതൽ മികവോടെ സംഘടിപ്പിക്കാനുള്ള ഒരുക്കത്തിലാണ് ഇ.എം.സി.

2024 ജനുവരി മാസത്തിൽ ഉണർവ്വ് പരിപാടിയുടെ ഭാഗമായി ഇ.എം.സി.യിലെത്തിയ സ്കൂളുകളുടെ വിവരങ്ങൾ താഴെ നൽകുന്നു.

| നം | തീയതി | സ്കൂൾ |
|---|---|---|
| 1 | 05-01-2024 | ശ്രീകാര്യം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ |
| 2 | 08-01-2024 | കേശവദാസപുരം എൻ.എസ്സ്.എസ്സ്. ഹയർ സെക്കണ്ടറി സ്കൂൾ |
| 3 | 09-01-2024 | അരുവിയോട് സെന്റ്. റീത്താസ് യു.പി. സ്കൂൾ |
| 4 | 10-01-2024 | ഗവൺമെന്റ് ഹൈസ്കൂൾ വെയിലൂർ, ശാസ്ത്രവട്ടം |
| 5 | 11-01-2024 | ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, വട്ടിയൂർക്കാവ് |
| 6 | 12-01-2024 | LVUP സ്കൂൾ, വെൺകുളം |
| 7 | 16-01-2024 | ജ്യോതിനിലയം എച്ച്.എസ്.എസ്. സെന്റ് ആൻഡ്രൂസ് സ്കൂൾ |
| 8 | 17-01-2024 | സെന്റ് ജോൺസ് യു.പി.എസ്. അഞ്ചാമട സ്കൂൾ |
| 9 | 18-01-2024 | ഹാജി മുഹമ്മദ് കോയ മെമ്മോറിയൽ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, വള്ളക്കടവ് |
| 10 | 19-01-2024 | ആചാര്യ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ കേരള ഹിന്ദി പ്രചാര സഭ, തിരുവനന്തപുരം |
| 11 | 23-01-2024 | ഗവൺമെന്റ് യു.പി.എസ്., മഞ്ഞപ്പാറ & ഗവൺമെന്റ് സാൻസ്ക്രിറ്റ് ഹൈസ്കൂൾ, ഫോർട്ട് |
| 12 | 25-01-2024 | ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ, പുന്നമൂട് |
| 13 | 29-01-2024 | ഗവൺമെന്റ് ഹൈസ്കൂൾ, ജവഹർ കോളനി |



ശ്രീകാര്യം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും ഇ.എം.സി. ഉദ്യോഗസ്ഥർക്കൊപ്പം



കേശവദാസപുരം എൻ.എസ്സ്.എസ്സ്. ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും ഉണർവ്വ് ബോർഡ് ഏറ്റുവാങ്ങുന്നു

# തൃശൂർ ജില്ലാതല കാർഷിക ശില്പശാല സംഘടിപ്പിച്ചു





തൃശ്ശൂരിൽ നടന്ന ഏകദിന ശില്പശാലയുടെ ഉദ്ഘാടന ചടങ്ങിൽ നിന്നും

എനർജി മാനേജ്മെന്റ് സെന്റർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി സഹകരിച്ച് 2024 ജനുവരി 18-ന് 'കാലാവസ്ഥാ പ്രതിരോധവും ഊർജകാര്യക്ഷമതയും' എന്ന വിഷയത്തിൽ തൃശ്ശൂർ ജില്ലയിലെ പേൾ റീജൻസി ഹോട്ടലിൽ വച്ച് ഏകദിന ശിൽപശാല സംഘടിപ്പിച്ചു. സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചു വന്നിരുന്ന ജില്ലാതല പരിശീലന പരമ്പരയിലെ അവസാനത്തെ പരിശീലനമാണ് തൃശ്ശൂരിൽ സംഘടിപ്പിച്ചത്. തൃശ്ശൂർ ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ കൃഷി ഓഫീസർ ഉഷ മേരി ഡാനിയേൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എം.സി.യിലെ എനർജി ടെക്നോളജിസ്റ്റ് ടോംസൺ സെബാസ്റ്റ്യൻ സ്വാഗതം പറഞ്ഞു.

കേരളത്തിലെ കാർഷികമേഖലയിൽ കാലാവസ്ഥാ അതജീവനശേഷിയും ഊർജകാര്യക്ഷമതയും വിപുലമാക്കുന്നതിനും അക്ഷയ ഊർജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അവതരണങ്ങളും ചർച്ചകളും ശില്പശാലയുടെ ഭാഗമായി നടന്നു. ഇതുമായി ബന്ധപ്പെട്ട് വിജയകരമായി നടപ്പിലാക്കിയ മാതൃകകളെ കുറിച്ചുള്ള പഠന റിപ്പോർട്ടുകളും അവതരിപ്പിച്ചു. ഇക്വിനോക്സ് സി.ഇ.ഒ. സി. ജി. മധുസൂധനൻ നന്ദി പറഞ്ഞു.



# കേരളത്തിൽ ലോ കാർബൺ ബിൽഡിംഗ് ട്രാൻസിഷൻ പ്രോഗ്രാം

കേരളത്തിൽ ഏഷ്യ ലോ കാർബൺ ബിൽഡിംഗ് ട്രാൻസിഷൻ പ്രോഗ്രാം (ALCBT) നടപ്പിലാക്കുന്നതിനായി അന്താരാഷ്ട്ര ഏജൻസിയായ ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ട് (ജി.ജി.ജി.ഐ.), പൊതുമേഖല സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.) എന്നിവയുമായി ഇ.എം.സി. 2024 ജനുവരി 11 ന് ധാരണാപത്രത്തിൽ ഒപ്പുവച്ചു. ജി.ജി.ജി.ഐ. ഇന്ത്യാ പ്രതിനിധി എസ്. പി. ഗർണായിക്, ഇ.ഇ.എസ്.എൽ. ജനറൽ മാനേജർ (ടെക്നിക്കൽ) ഗിരിജ ശങ്കർ, ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

ഇന്ത്യയിലുടനീളമുള്ള കെട്ടിടങ്ങളിൽ നിന്നുള്ള കാർബൺ ബഹിർഗമനം തടയുന്നതിന് അഞ്ച് വർഷത്തെ സമഗ്ര പദ്ധതിയാണ് ഏഷ്യാ ലോ കാർബൺ ബിൽഡിംഗ് ട്രാൻസിഷൻ പ്രോഗ്രാം (ALCBT). ഈ പദ്ധതിയുടെ ആദ്യഘട്ടം ഇന്ത്യയിൽ കേരളം, ഉത്തർ പ്രദേശ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിലാണ് നടപ്പിലാക്കുന്നത്.

കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിന്റെ കീഴിലാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. ജർമ്മൻ ഗവൺമെന്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഫെഡറൽ മിനിസ്ട്രി ഫോർ ഇക്കണോമിക് അഫയേഴ്സ് ആന്റ് ക്ലൈമറ്റ് ആക്ഷന് (BMWK) കീഴിലുള്ള ഇന്റർനാഷണൽ ക്ലൈമറ്റ് ഇനിഷ്യേറ്റീവിന്റെ (IKI) പിന്തുണ ഈ പ്രവർത്തനങ്ങൾക്കുണ്ട്.

കേരളത്തിലെ നിലവിലുള്ളതും പുതിയതായി നിർമിക്കുന്നതുമായ കെട്ടിടങ്ങളിൽ ലോ കാർബൺ ലൈഫ് സൈക്കിൾ ബിൽഡിംഗ് അസെസ്മെന്റ് നടപ്പിലാക്കുക എന്നതും, കാർബൺ ബഹിർഗമനം കുറഞ്ഞ കെട്ടിടങ്ങളുടെ പ്രോത്സാഹനത്തിനായി നയങ്ങൾ രൂപീകരിക്കുക എന്നതുമാണ് ഈ ധാരണാപത്രത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

# അംങ്കണവാടികളെ നെറ്റ് സീറോ ആക്കുന്നതിന് ഊർജപരിവർത്തന മോഡൽ

കേരള സംസ്ഥാനത്തെ 2050–ഓടെ കാർബൺ ന്യൂട്രൽ ആക്കുക യെന്ന സർക്കാർ ലക്ഷ്യത്തിന്റെ ഭാഗമായി സംയോജിത ശിശുവിക സന പദ്ധതിയുടെ (ICDS) നിയന്ത്രണത്തിലുള്ള അങ്കണവാടികളെ സമ്പൂർണ ഊർജകാര്യക്ഷമതയുള്ളതാക്കി മാറ്റുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ "അംഗൻജ്യോതി" എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരികയാണ്.

സംസ്ഥാനത്തെ 33,115 അങ്കണവാടികളിലെയും പരമ്പരാഗത പാചക സംവിധാനങ്ങൾക്കു പകരം കാർബൺ ബഹിർഗമനമില്ലാ ത്തതും പൂർണ്ണ സുരക്ഷിതത്വമുള്ളതും വേഗത്തിലുള്ള പാചകം ഉറപ്പു വരുത്തുന്നതുമായ ഇലക്ട്രിക് കുക്കിംഗ് സംവിധാനമാണ് "അംഗൻ ജ്യോതി" പദ്ധതിയിലൂടെ ഇ.എം.സി. നടപ്പിലാക്കുന്നത്. കഴക്കൂട്ടം നി യോജകമണ്ഡലത്തിലെ 198 അങ്കണവാടികളിലും, ചിറ്റൂർ നിയോജ കമണ്ഡലത്തിലെ 226 അങ്കണവാടികളിലും ഇതിനോടകം പദ്ധതി നടപ്പിലാക്കി.

പദ്ധതിയുടെ അടുത്ത ഘട്ടമെന്ന നിലയിൽ നവകേരളം കർമപദ്ധതി യിലുൾപ്പെടുത്തി സംസ്ഥാനത്തെ തെരെഞ്ഞെടുത്ത 92 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുകൂടി അംഗൻജ്യോതി പദ്ധതി വ്യാപിപ്പിക്കു കയാണ്. ഇതുവഴി സംസ്ഥാനത്തെ 2395 അങ്കണവാടികൾ കൂടി വൈദ്യുത പാചകത്തിലേക്ക് മാറും. 2024 ഫെബ്രുവരി മൂന്നാം വാര ത്തോടെ തിരഞ്ഞെടുത്ത 92 പഞ്ചായത്തുകളിൽ അങ്കണവാടികൾക്കു ള്ള ഇൻഡക്ഷൻ ഹോബുകൾ വിതരണം ചെയ്യും.

# വൈദ്യുത ഉപകരണങ്ങളുടെ റീട്ടെയിലർമാർക്കുള്ള പരിശീലനം




എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ വൈദ്യുത ഉപക രണങ്ങളുടെ റീടെയിലർമാർക്കുള്ള പരിശീലനം സംഘടിപ്പിച്ചു. ഊർജ കാര്യക്ഷമമായതും സ്റ്റാർ റേറ്റിംഗുള്ളതുമായ ഉപകരണങ്ങളെ സംബ ന്ധിച്ച ബോധവൽക്കരണവും പരിശീലന പരിപാടിയുമാണ് സംഘടിപ്പിച്ചത്. കേരള സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിലുമായി ചേർന്നാണ് പരിശീലനം സംഘടിപ്പിച്ചത്.

പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ മാപ്സ് റെസിഡൻസി ഹോട്ടൽ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിശീലനം ജനുവരി 11ന് ഷൊർണ്ണൂർ മുൻസിപ്പാലിറ്റി ചെയർമാൻ എം. കെ. ജയപ്രകാശ് ഉദ്ഘാടനം ചെയ്തു. ജില്ലയിലെ വൈദ്യുത ഉപകരണങ്ങൾ വിൽക്കു ന്ന റീട്ടെയിലർമാർ പരിശീലനത്തിൽ പങ്കെടുത്തു. കേരള സ്റ്റേറ്റ് ഇല ക്ട്രിക്ക് ട്രേഡ്സ് അസോസിയേഷൻ പ്രസിഡന്റ് ബി. സന്തോഷ് കുമാർ, ഇ.എം.സി.യിലെ പ്രൊജക്റ്റ് എഞ്ചിനീയർ അതുൽ പി. ബിജു, കേരള സ്റ്റേറ്റ് ഇലക്ട്രിക്ക് ട്രേഡ്സ് അസോസിയേഷൻ വൈസ് പ്രസി ഡന്റ് ബി. ശിവറാം എന്നിവർ സന്നിഹിതരായിരുന്നു.

## ഊർജസംരക്ഷണത്തിൽ പങ്കാളികളാകൂ... സമ്മാനങ്ങൾ നേടൂ...



ഊർജസംരക്ഷണവുമായി ബന്ധപ്പെട്ട കാർട്ടൂണുകൾ തയ്യാറാക്കി 2024 മാർച്ച് 10 ന് മുമ്പായി emck@keralaenergy.gov.in എന്ന മെയിലിലേക്ക് അയയ്ക്കൂ.

**ആകർഷകമായ സമ്മാനങ്ങൾ നേടൂ**

*തിരഞ്ഞെടുക്കപ്പെടുന്ന കാർട്ടൂണുകൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്

ഊർജപത്രികയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കാനായി QR കോഡ് സ്കാൻ ചെയ്യൂ. അല്ലെങ്കിൽ emck@keralaenergy.gov.in എന്ന മെയിൽ ID-യിലേക്ക് ഇമെയിൽ അയയ്ക്കൂ.

# റിപ്പബ്ലിക്ക് ദിനാചരണം



ഇന്ത്യയുടെ 75–ാമത് റിപ്പബ്ലിക്ക് ദിനത്തിൽ ഡയറക്ടർ ഡോ. ആർ. ഹരികുമാർ ഇ.എം.സി. ഓഫീസിൽ പതാക ഉയർത്തി. ഇ.എം.സി. ജീവനക്കാരും ചടങ്ങിൽ പങ്കാളികളായി.

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256